ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറു മായി ആലോചിച്ച് നമുക്ക് ടൈം അഡ്ജസ്റ്റ് ചെയ്യാം. തിങ്കളാഴ്ച വയ്ക്കാം.

മി. ചെയർമാൻ: സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് ഒന്നാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ആഗസ്റ്റ് 1-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.)

V. † 28-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുന്നറിയിപ്പില്ലാതെ ജലവിതരണം മുടങ്ങുന്നതു കാരണം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

1 [376] ശ്രീ. പി. കെ. അബ്ദു റബ്ബ്:
,, പി. കെ. കെ. ബാവ:
,, ചെർക്കളം അബ്ദുള്ള:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ കേരള വാട്ടർ അതോറിറ്റി നടത്തുന്ന ശുദ്ധജലവിതരണം മുന്നറിയിപ്പില്ലാതെ പലപ്പോഴും മുടങ്ങുന്നതു കാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർച്ചയായി ശുദ്ധജലവിതരണം നടത്തുന്നതിനും മുടക്കം ഉണ്ടാകാൻ സാദ്ധ്യതയുള്ളപ്പോൾ ആവശ്യമുള്ള വെള്ളം സംഭരിച്ച് വയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻകൂട്ടി നിശ്ചയിക്കുന്ന അറ്റകുറ്റപണികൾക്കും മറ്റും പമ്പിംഗ് നിർത്തിവെയ്ക്കേണ്ടിവരികയാണെങ്കിൽ വാർത്താമാദ്ധ്യമങ്ങളിലൂടെയും ശ്രവണ-ദൃശ്യ മാദ്ധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാറുണ്ട്.

† 28-7-2005-ന് ബഹുമാനപ്പെട്ട പ്രസിഡൻറ് നിയമസഭയെ അഭി സംബോധന ചെയ്തതുകൊണ്ട് ചോദ്യോത്തരസമയം ഇല്ലാതി രുന്നതിനാൽ അന്നേയ്ക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly